"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഗ്രാമവികസന വകുപ്പിലെ ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീമതി ടീസാ ജോസിനെ തൃശ്ശൂർ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറും, 062 കുന്നംകുളം നിയമസഭാ നിയോജക മണ്ഡലത്തിലെ വരണാധികാരിയും ആയി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ(സാധാ)നം.686/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 10/03/2021.

പരാമർശം: 09.03.2021 തീയതിയിലെ ഗ്രാമവികസന കമ്മീഷണറുടെ 3913/എസ്റ്റാ.എ1/2021/സിആർഡി നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറും, 062 കുന്നംകുളം നിയമസഭാ നിയോജക മണ്ഡലത്തിലെ വരണാധികാരിയുമായ ശ്രീമതി സറീന റഹ്മാൻ, ചിക്കൻപോക്സ് ബാധിച്ചതിനാൽ 08.03.2021 മുതൽ ഐസൊലേഷനിൽ പ്രവേശിച്ചിരിക്കുന്ന സാഹചര്യത്തിൽ, നിലവിൽ ഇടുക്കി ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറായ ശ്രീമതി ടീസാ ജോസിനെ മേൽ തസ്തികയിൽ നിയമിക്കാവുന്നതാണെന്ന് ഗ്രാമ വികസന കമ്മീഷണർ പരാമർശ പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

ഗ്രാമ വികസന കമ്മീഷണർ നല്കിയ ശിപാർശയുടെ അടിസ്ഥാനത്തിൽ, നിലവിൽ ഇടുക്കി ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറായ ശ്രീമതി ടീസാ ജോസിനെ തൃശ്ശൂർ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറും, 062 കുന്നംകുളം നിയമസഭാ നിയോജക മണ്ഡലത്തിലെ വരണാധികാരിയും ആയി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത കെ.എസ്.

ജോയിന്റ് സെക്രട്ടറി

മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ, കേരളം, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീമതി ടീസാ ജോസ്, പ്രോജക്ട് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം, ഇടുക്കി. (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ